കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

# 2014-15,2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസർഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി9-252/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്,

തിയതി: 20.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് -2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസി.ഡെലവപ്പ്മെന്റ് കമ്മീഷണർ(ജനറൽ) കാസർകോഡ്
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എസ്.ഡി9-252/2017 തിയ്യതി: 20.03.2017

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-2014 മുതൽ 31-3-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള ഉചിതമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജെസ്റ്റോപോൾ | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13-02-2017 മുതൽ 23-02-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സത്യാനന്ദൻ.സി.വി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ധനജയൻ.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.രഘുനാഥൻ.കെ | അസി.ഓഡിറ്റ്ഓഫീസർ |
| | | ശ്രീ.സുനിൽകുമാർ.എം | സീനിയർ ഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ടി.വി.ഗോവിന്ദൻ | 01-04-14 മുതൽ 31-10-15 വരെ |
| (അഡ്ഹോക്ക് കമ്മിറ്റി) | | ബി.ഡി.ഒ., എ.എക്സ്.ഇ., സി.ഡി.പി.ഒ. | 01-11-2015മുതൽ18-11-2015വരെ |
| പ്രസിഡന്റ് | | ശ്രീമതി. വി.പി.ജാനകി | 19-11-2015 മുതൽ 31.03.2016 |
| സെക്രട്ടറി | : | ശ്രീ. പി .എം.അമ്പു | 01-04-14 മുതൽ 15-06-2014വരെ |
| | | ശ്രീ. പി .സി .വർഗീസ് | 16-06-14മുതൽ 24-06-14 വരെ |
| | | ശ്രീ.ഹരിലാൽ.എൻ | 25-06-14 മുതൽ 27-08-14വരെ |
| | | ശ്രീ.പി .എം.അമ്പു | 28-08-14 മുതൽ 03-09-14വരെ |

| | | | |
|---|---|---|---|
| | | ശ്രീ.റെജികുമാർ | 04-09-14 മുതൽ15-04-15 വരെ |
| | | ശ്രീമതി.നൂതനകുമാരി | 16-04-15 മുതൽ 19-05-15 വരെ |
| | | ശ്രീ.വി.കെ.സുരേഷ്ബാബു | 20-05-15 മുതൽ 29-05-15 വരെ |
| | | ശ്രീമതി.നൂതനകുമാരി | 30-05-15 മുതൽ 05-08-15 വരെ |
| | | ശ്രീ.പി .എം.അന്വ | 06-08-15 മുതൽ 04-10-15 വരെ |
| | | ശ്രീ.എസ്.ഹരികുമാർ | 05-10-15 മുതൽ 05-02-16 വരെ |
| | | ശ്രീ.ബെവിൻ ജോൺ വർഗ്ഗീസ് | 06-02-16 മുതൽ 11-02-16 വരെ |
| | | ശ്രീ.ബി.ബാലകൃഷ്ണൻ | 12-02-16 മുതൽ 17-02-16 വരെ |
| | | ശ്രീ.നാരായണൻ.കെ.വി | 18-02-16 മുതൽ 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. എക്സി.എഞ്ചിനിയർ | | ശ്രീ.വത്സൻ പടിഞ്ഞാറേപുരയിൽ | 1-4-14 മുതൽ 18-6-15 വരെ |
| | | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ | 19-6-15 മുതൽ 31-3-16 വരെ |
| കൃഷി,അസി.ഡയറക്ടർ | | ശ്രീ.സുനിൽകുമാർ.എസ് | 1-4-14 മുതൽ 31-7-15 വരെ |
| | | ശ്രീമതി.ആർജ്ജിത.പി.വി | 1-8-15 മുതൽ 15-12-15 വരെ |
| | | ശ്രീമതി.വീണാറാണി | 16-12-15 മുതൽ 31-3-16 വരെ |
| സി.ഡി.പി.ഒ,നീലേശ്വരം | | ശ്രീമതി.പങ്കജാക്ഷി.കെ | 01-4-14.മുതൽ 12-11-14 വരെ |
| | | ശ്രീമതി.സരസമ്മ .വി | 13-11-14.മുതൽ 11-8-15 വരെ |
| | | ശ്രീമതി.സുമ .എസ്. | 12-8-15.മുതൽ 7-10-15 വരെ |
| | | ശ്രീമതി.സരസമ്മ .വി | 08-10-15.മുതൽ 04-1-16 വരെ |
| | | ശ്രീമതി.രാധാമണിയമ്മ | 05-1-16.മുതൽ 11-2-16 വരെ |
| | | ശ്രീമതി.ശോഭ.പി | 12-2-16.മുതൽ 31-3-16 വരെ |
| സി.ഡി.പി.ഒ, പിലിക്കോട് | | ശ്രീമതി.സുഷമ,ആർ | 01-4-14.മുതൽ 30-9-14 വരെ |
| | | ശ്രീമതി.ലതിക.പി.വി | 01-10-14.മുതൽ 31-3-15 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.സുഷമ,ആർ | 01-4-15.മുതൽ 31-5-15 വരെ |
| | | ശ്രീമതി.ലതിക.പി.വി | 01-6-15.മുതൽ 31-3-16 വരെ |
| ഡയറിഎക്സ്റ്റൻഷൻഓഫീസർ | | ശ്രീ.പി.എച്ച്. സിനാജുദ്ദീൻ | 01-4-14 മുതൽ 31-3-16 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ | | ഡോ.കുഞ്ഞബ്ദുള്ള.സി.കെ.പി | 01-4-14 മുതൽ 17-8-15 വരെ |
| | | ഡോ.റഷീദ് | 18-8-15 മുതൽ 10-10-15 വരെ |
| | | ഡോ.മനോജ്.ജെ.എച്ച് | 11-10-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ, PHC , ചെറുവത്തൂർ | | ഡോ.എൻ.ശ്രീകുമാർ | 01-4-14 മുതൽ 31-5-15 വരെ |
| | | ഡോ.രമേഷ്.ഡി.ജി | 01-6-15 മുതൽ 31-3-16 വരെ |
| പട്ടികജാതിവികസനഓഫീസർ | | ശ്രീ.അബ്ദുൾലത്തീഫ് എം | 01-4-14 മുതൽ 10-8-14 വരെ |
| | | ശ്രീ എം സതീഷ് കുമാർ | 11-8-14 മുതൽ 31-3-16 വരെ |

<u>ഉള്ളടക്കം</u>


| ക്രമനം. | ഭാഗം 1 | ഖണ്ഡികനം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാടക ഈടാക്കിയതിൽ കുറവ്- നഷ്ടം 9126 രൂപ | 2-1 |

| | | |
|---|---|---|
| 13 | ഇ-ടെണ്ടർ BID സമർപ്പണ ഫീസ് വരവ് വന്നിട്ടില്ല. | 2-2 |
| 14 | ലേലം വരവ് അപാകതകൾ. | 2-3 |
| | ഭാഗം 3 | |
| 15 | ഐ.എ.വൈ പദ്ധതി നടത്തിപ്പ് - അപാകത | 3-1 |
| 16 | ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി- പൂർത്തീകരിക്കാത്ത വീടുകൾ | 3-2 |
| 17 | ജനകീയ പങ്കാളിത്തത്തോടെ ഐ.എ.വൈ സ്പിൽ-ഓവർ വീടുകളുടെ പൂർത്തീകരണത്തിനുള്ള കർമ്മ പരിപാടി | 3-3 |
| 18 | അസി.എഞ്ചിനീയർ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങൽ-അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ഇനം വാങ്ങിയിരിക്കുന്നു. | 3-4 |
| 19 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദ്ധതി നടത്തിപ്പ് -പൊതു അവലോകനം. | 3-5 |
| 20 | സി.എച്ച്.സി.ക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-6 |
| 21 | ബ്ലോക്ക് പഞ്ചായത്ത് വാഹനം-റിപ്പയറിംഗ് പ്രവർത്തി നടത്തിയത് – അനുമതി രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-7 |
| 22 | ദിവസവേതനം ടൈപ്പിസ്റ്റ് നിയമനം -നിയമനരേഖകൾ ഹാജരാക്കിയിട്ടില്ല. | 3-8 |
| 23 | HADAപദ്ധതി - 50000 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല – തുക നിരാകരിക്കുന്നു. | 3-9 |
| 24 | തുക ലഭ്യമായിട്ടും ആനുകൂല്യം വിതരണം ചെയ്യാൻ വൻ കാലതാമസം | 3-10 |
| 25 | ആഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനം തൃപ്തികരമല്ല | 3-11 |
| | ഭാഗം 4 | |
| 26 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | 1)ഓഡിറ്റ്സർട്ടിഫിക്കറ്റ്<br>2)ഇൻകംആന്റ്എക്സ്പെന്റിച്ചർഅക്കൗണ്ട്<br>3)റസീറ്റ്&പേമെന്റ്അക്കൗണ്ട്<br>4) ബാലൻസ് ഷീറ്റ് | അനുബന്ധം |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റിന്റെ വിവരം | 2014-15 | 2015-16 |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി | 25.2.2014 | 26.3.2015 |
| തീരുമാനംനമ്പർ/തീയതി | 274/തീ.25-2-2014 | 323/തീ.26.3-2015 |
| മുന്നിരിപ്പ് | 3,15,39,000 | 3,86,10,000 |
| പ്രതീക്ഷിത വരവ് | 19,91,72,000 | 24,27,88,000 |
| ആകെ | 23,07,11,000 | 28,13,98,000 |
| പ്രതീക്ഷിത ചെലവ് | 22,85,11,000 | 28,08,65,000 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ്

പഞ്ചായത്ത് ബഡ്ജറ്റ് അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 17.03.2015 തീയ്യതിയിലെ 54/14-15 നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നല്കാൻ തീരുമാനിച്ചു, എന്നാൽ ബജറ്റ് ചർച്ച ചെയ്തതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 26.03.2015 ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ 323) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.03.2015 തീരുമാനങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരിപ്പിച്ചതല്ലാതെ വിശദമായ ബജറ്റ് ചർച്ച നടത്തിയതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ, ചട്ടം 71(1) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടത് അക്രൂവൽ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രസ്തുത രീതി പ്രകാരമല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3. സമാഹൃത ബജറ്റ് എസ്റ്റിമേറ്റിന്റെ കൂടെ റവന്യൂ വരവ് ചെലവ്, മൂലധന വരവ് ചെലവ്, വായ്പ തിരിച്ചടവ്, വായ്പകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ, റിക്കവറികൾ, നിക്ഷേപങ്ങൾ ഇടങ്ങിയവ സംബന്ധിച്ച പത്രികകൾ കൂടി ഉണ്ടായിരിക്കണം. എന്നാൽ മേൽ പത്രികകൾ ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

4. 2014-15 ലെ വാർഷിക കണക്ക് പ്രകാരം പഞ്ചായത്തിൽ നീക്കിയിരിപ്പായിട്ടുണ്ടായിരുന്ന തുക 4,82,20,040- രൂപയാണ്. 2015-16 ലെ വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ച് (13.07.2016 ലെ 259നം-തീരുമാന പ്രകാരം) ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ വാർഷിക കണക്കുകളിലെ വരവ് ചെലവ് ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ബജറ്റ് പ്രകാരം 2015-16 മുന്നിരിപ്പായിട്ടുള്ള തുക 3,86,10,000/- രൂപയാണ്. വരവ് 24,27,88,000രൂപയും ചെലവ് 28,08,65,000 രൂപയും നീക്കിയിരിപ്പ് 5,33,000 രൂപയുമാണ്. എന്നാൽ യഥാർത്ഥത്തിൽ ഇത് മുന്നിരിപ്പ് 4,82,20,040 രൂപയും, വരവ് 6,85,61,614 രൂപയും ചെലവ് 6,77,97,614രൂപയും നീക്കിയിരിപ്പ് 4,89,84,040 രൂപയുമാണ്. പഞ്ചായത്തിന്റെ വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

- 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക നം -14)ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31-7-2015 | 29-6-2015 | --- | --- |
| 2015-16 | 31-7-1016 | 26-7-2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 11-09-2015 | KSA-KSD3/567/2015 Dt 01.12.2015 |
| 2015-16 | 02-02-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ കൊടുക്കുന്നു.
1.ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല
2.ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം MNREGA യുടെ വരവ്-ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് ആന്റ്പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3.ബാലൻസ് ഷീറ്റിൽ B-11 ഷെഡ്യൂൾ ഫിക്സഡ് അസറ്റ്സ് ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
4.ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 320100299 എന്ന ഹെഡ്ഡിൽ കാണിച്ച 113800/- രൂപയുടെ ബാധ്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 ധനകാര്യവിശകലനം

ധനകാര്യപത്രികകൾ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 5,12,76,724 | 4,82,20,040 |
| വരവ് | 7,61,98,007 | 6,85,61,614 |
| ആകെ | 12,74,74,731 | 11,67,81,654 |
| ചെലവ് | 7,92,54,691 | 6,77,97,614 |
| നീക്കിയിരിപ്പ് | 4,82,20,040 | 4,89,84,040 |

## 1-5 ഫണ്ട് വിനിയോഗം

2014-15വർഷം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,06,618 | 2,16,73,000 | --- | 2,17,79,618 | 2,15,81,585 | 1,98,033 |
| വികസനഫണ്ട് എസ്.സി.പി. | 0 | 45,49,000 | --- | 45,49,000 | 44,67,942 | 81,058 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 95,000 | --- | 95,000 | 95,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 627 | 26,48,627 | --- | 26,49,254 | 26,34,236 | 15,018 |
| ബി ഫണ്ട് | 0 | 1,18,680 | --- | 1,18,680 | 1,18,680 | 0 |
| MGNREGA | 2,13,463 | 44,54,150 | --- | 46,67,613 | 41,20,259 | 5,47,354 |

2015-16വർഷം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,98,033 | 1,76,47,191 | --- | 1,78,45,224 | 1,78,45,224 | 0 |
| വികസനഫണ്ട് എസ്.സി.പി. | 81,058 | 44,40,475 | --- | 45,21,533 | 45,21,533 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 95,000 | --- | 95,000 | 95,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 15,018 | 16,72,478 | --- | 16,87,496 | 16,87,496 | 0 |
| ബി ഫണ്ട് | 0 | 2,48,523 | --- | 2,48,523 | 2,48,523 | 0 |
| MGNREGA | 5,47,354 | 2,91,164 | --- | 8,38,518 | 8,37,518 | 1000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|
| 2014-15 | 76 | 70 | -- | 6 |
| 2015-16 | 61 | 52 | -- | 9 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | -ഇല്ല- | | | |
| നികുതിയേതര വരവുകൾ | 3,67,361 | 1,87,750 | -1,79,611 | -48.89% |
| മറ്റുവരവുകൾ | 8,33,489 | 10,76,830 | 2,43,341 | +29.20% |
| ആകെ | 12,00,850 | 12,64,580 | -63,730 | -5.3% |

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | -ഇല്ല- | | | |
| നികുതിയേതര വരവുകൾ | 1,87,750 | 1,22,800 | -64,950 | -34.59% |
| മറ്റുവരവുകൾ | 10,76,830 | 9,17,546 | -1,59,284 | -14.79% |
| ആകെ | 12,64,580 | 10,40,346 | -2,24,234 | -17.73% |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല-

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-2-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് താമസമില്ലാതെ സേവനം ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. 1994ലെ കേരളാ പഞ്ചയത്ത് രാജ് നിയമത്തിലെ 180 വകുപ്പ് അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേനയുള്ള പദ്ധതിനടത്തിപ്പിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം ഓഡിറ്റിൽ ശ്രദ്ധയിൽ പെടുകയുണ്ടായി

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ തസ്തികകളിൽ വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്, വിലാസം, സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, എന്നിവ രേഖപെടുത്തുന്ന ഇൻകംബൻസി രജിസ്റ്ററും ഓഡിറ്റ് റിക്കവറി രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2016 to25.08.2016 | 2015-16 | No.RD4/2647/15 Dt.01-12-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.12.2008 to 10.12.2008 | 1999-00 to 2007-08 | No.LBA(HQ)V/8A/ 365/206-Dt.14-01-09 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക ഈടാക്കിയതിൽ കുറവ്- നഷ്ടം 9126 രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ നാല് കട റൂമുകളിലെ വാടകക്കാർ മാസവാടക അടവാക്കേണ്ടത് അതാത് മാസം അഞ്ചാം തീയ്യതിക്ക് മുമ്പായിട്ടാണ് , എന്നാൽ വാടകക്കാർ വാടക അടവാക്കിയത് മാസങ്ങൾ കഴിഞ്ഞാണ്, എന്നാൽ വാടക വൈകിയടവാക്കിയപ്പോൾ അവരിൽ നിന്നും നിയമാനുസൃത പലിശ (മാസം1%) ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| സീ.നം | വാടകക്കാരന്റെ പേര്-കെട്ടിട നമ്പർ & വാടക തുക | തുക അടച്ച തീയ്യതി | വാടക അടച്ചമാസവിവരം | അടച്ച തുക | അടക്കേണ്ട തുക | കുറവ് വന്നതുക |
|---|---|---|---|---|---|---|
| 1 | സർഗ്ഗം കുടുംബശ്രീ യൂണിറ്റ്, പാലായി ROOM No-V 398 വാടക തുക-600 രൂപ | 13.8.2014 | 1/12 to 4/12 | 2400 | 2400+732= 3132 | 732 |
| | | 26.12.2014 | 5/12 to 4/13 | 7200 | 7200+1908= 9108 | 1908 |
| | | 8.1.2015 | 5/13 to 9/13 | 3000 | 3000+570= 3570 | 570 |
| | | 6.5.2015 | 10/13 to 3/14 | 3600 | 3600+630= 4230 | 630 |
| | | 24.7.2015 | 4/14 to 3/15 | 7200 | 7200+756= 7956 | 756 |
| | | 20.8.2015 | 4/15 to 8/15 | 3000 | 3000+90= 3090 | 90 |
| | | 17.2.2016 | 9/15 to 1/16 | 3000 | 3000+120= 3120 | 120 |
| | | 30.3.2016 | 2/16 | 600 | 600+ 12= 612 | 12 |

| | | | | | | |
|---|---|---|---|---|---|---|
| 2 | സർഗ്ഗം കുടുംബശ്രീ യൂണിറ്റ്, പാലായി ROOM No-V 399 വാടക തുക-600 രൂപ | 23.7.2014 | 5/13 to 6/13 | 1200 | 1200+174= 1374 | 174 |
| | ഈ കെട്ടിടം 15.7.2013 മുതൽ വാടകക്കാർ ഒഴിഞ്ഞു | | | | | |
| 3 | ECOSHOP, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ROOM No-V 399 വാടക തുക-300 രൂപ | 14.7.2015 | 8/14 to 5/15 | 3000 | 3000+225= 3225 | 225 |
| | | 1.12.2015 | 6/15 to 10/15 | 1500 | 1500+60= 1560 | 60 |
| | | 23.2.2016 | 11/15 to 1/16 | 900 | 900+ 27= 927 | 27 |
| 4 | സെക്രട്ടറി, ജ്വാല പുരുഷ സ്വയംസഹായ സംഘം, പുത്തരിയടുക്കം. ROOM No-V 400 വാടക തുക-600 രൂപ | 23.7.2014 | 6/13 to 9/13 | 2400 | 2400+ 300= 2700 | 300 |
| | | 7.8.2014 | 10/13 to 3/14 | 3600 | 3600+ 270= 3870 | 270 |
| | | 31.10.2014 | 4/14 to 7/14 | 2400 | 2400+ 132= 2532 | 132 |
| | | 2.3.2015 | 8/14 to 2/15 | 4200 | 4200+ 168= 4368 | 168 |
| | | 11.6.2015 | 3/15 to 5/15 | 1800 | 1800+ 54= 1854 | 54 |
| | | 30.3.2016 | 6/15 to 2/16 | 5400 | 5400+ 324= 5724 | 324 |
| 5 | സെക്രട്ടറി, ജ്വാല പുരുഷ സ്വയംസഹായ സംഘം, പുത്തരിയടുക്കം. ROOM No-V 401 വാടക തുക-600 രൂപ | 25.8.2014 | 12/12 to 1/13 | 1200 | 1200+ 246= 1446 | 246 |
| | | 7.1.2015 | 2/13 to 3/13 | 1200 | 1200+ 282= 1482 | 282 |

| | | | | | |
|---|---|---|---|---|---|
| | 7.1.2015 | 4/13 to 2/14 | 6600 | 6600+ 1122= 7722 | 1122 |
| | 5.2.2015 | 3/14 to 10/14 | 4800 | 4800+ 408= 5208 | 408 |
| | 28.3.2015 | 11/14 | 600 | 600+ 30= 630 | 30 |
| | 11.6.2015 | 12/14 to 5/15 | 3600 | 3600+ 162= 3762 | 162 |
| | 30.3.2016 | 6/15 to 2/16 | 5400 | 5400+ 324= 5724 | 324 |
| ആകെ | | | | | 9,126 |

മേൽ വിവരിച്ച തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി-നം 1/16.02.2017-ന് യാതൊരു മറുപടിയും നല്കിയിട്ടില്ല. ആയതു കൊണ്ട് നഷ്ട തുക ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ BID സമർപ്പണ ഫീസ് വരവ് വന്നിട്ടില്ല.

2014-15 സാമ്പത്തിക വർഷം മുതൽ 5 ലക്ഷത്തിൽ കൂടുതൽ അടങ്കൽ തുകയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് ടെണ്ടർ ചെയ്തു വരുന്നത്. (G.O (MS) No.318/2013 LSGD . Dt.28.09.2013) . ഇതു പ്രകാരം ഇ.എം.ഡി, ടെണ്ടർ ഫോറം വില, വാറ്റ് തുടങ്ങിയ ഇനങ്ങളിലൂടെ ലഭിക്കുന്ന തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. കാസറഗോഡ്-ന്റെ പേരിൽ എസ്.ബി.ടി. സിവിൽ സ്റ്റേഷൻ ശാഖയിൽ തുടങ്ങിയിട്ടുള്ള (അക്കൗണ്ട് നമ്പർ 67262938253) അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻഡോസൾഫാൻ പാക്കേജ്, എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവപ്രകാരം നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾ, കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ എന്നിവയും ഈ-ടെണ്ടർ മുഖേന ലഭിക്കുന്ന ഇ.എം.ഡി, ടെണ്ടർ ഫോറം വില, വാറ്റ് എന്നിവയും മേൽ പരാമർശിച്ച അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.എന്നാൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന മേൽ അക്കൗണ്ടിൽ വരവ് വന്ന തുകകൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതായിരുന്നു. 2014-15,2015-16 സാമ്പത്തിക വർഷം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ ഈ ഇനത്തിൽ ലഭിക്കേണ്ട തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | ആകെ വർക്കുകളുടെ എണ്ണം | BID സമർപ്പണ ഫീസ് | EMD |
|---|---|---|---|
| 2014-15 | 23 | 59,900 | 7,56,600 |
| 2015-16 | 25 | 94,815 | 11,24,300 |
| ആകെ | | 1,54,715 | 18,80,900 |

മേൽ വിവരിച്ച പ്രകാരം ലഭിക്കേണ്ട തുക ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ, എന്നും ഇല്ലെങ്കിൽ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതിനും വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി- 6/21.02.2017-ന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ BID സമർപ്പണ ഫീസ് ഇനത്തിലെ വരവ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. കാസറഗോഡിൽ നിന്നും ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ലേലം വരവ് അപാകതകൾ.

2014-15സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ പഴയ മെയിൽ/ഫീമെയിൽ വാർഡ്, പഴയ ഒ.പി കെട്ടിടം എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റൽ ഇനങ്ങളിലായി 2,05,000 രൂപ വരവുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ-നം | ഇനം | ക്വട്ടേഷൻതിയ്യതി | തുക | ലേലക്കാരൻ |
|---|---|---|---|---|
| 1 | തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ പഴയവാർഡ്, പഴയ ഒ.പി കെട്ടിടം എന്നീ കെട്ടിടങ്ങൾ,പൊളിച്ചുമാറ്റൽ. | 24-02-2015 | 2,05,000 | ശ്രീ.എം.വി.കുഞ്ഞിക്കോരൻ, PWDകോൺട്രാക്ടർ, ഈയ്യക്കാട്. |

ഈ ക്വട്ടേഷനുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ട അപാകതകൾ താഴെ വിവരിക്കുന്നു,

1)ലേലം കൊണ്ട വ്യക്തി ബ്ലോക്ക് പഞ്ചായത്തുമായി മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല.

2)ലേലം കൊണ്ട തുകയുടെ 14.5 ശതമാനം വാറ്റും (29,725 രൂപ),1% ആദായനികുതിയും(2,050 രൂപ) ഉൾപ്പെടെ 2,36,775 രൂപയായിരുന്നു ഈടാക്കേണ്ടിയിരുന്നത്, എന്നാൽ ലേലം കൊണ്ട വ്യക്തിയിൽനിന്നും വാറ്റ് ഉൾപ്പെടെ 2,33,844 രൂപയാണ് ഈടാക്കിയത് ഇതിൽ 2,05,000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 25-02-2014 ലെ 133-ാം നമ്പർ ചലാൻ പ്രകാരം 28,844 രൂപയാണ് വാറ്റ് അടവാക്കിയിട്ടുള്ളത്, വാറ്റ് ഈടാക്കിയതിൽ 881 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്, കൂടാതെ ആദായനികുതി 2,050 രൂപ ഈടാക്കിയിട്ടുമില്ല.കുറവ് വന്ന തുകകൾ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

3)നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.11.2014 ലെ ഈ കെട്ടിടത്തിന്റെ സർവ്വെ റിപ്പോർട്ട് പ്രകാരവും, ക്വട്ടേഷൻ പരസ്യത്തിലും(D1/TN/12 തീയ്യതി 18.02.2015) തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ പഴയ മെയിൽ/ഫീമെയിൽ വാർഡ്, പഴയ ഒ.പി കെട്ടിടം എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലം വൃത്തിയാക്കി, അതിൽ നിന്നും ലഭിക്കുന്ന ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങളും, പ്ലംബിംഗ് സാധനങ്ങളും സൈറ്റിൽ സൂക്ഷിക്കേണ്ടതും അത് പിന്നീട് ലേലം ചെയ്യേണ്ടതുമാണെന്ന് വിവരിച്ചിട്ടുണ്ട്. തുടർന്ന് ലേലം കൊണ്ട വ്യക്തിക്ക് ക്വട്ടേഷൻ അംഗീകരിച്ച് കൊണ്ട് നല്കിയ അറിയിപ്പിലും (D1/187/SR തീയ്യതി 17.03.2015) ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങളും, പ്ലംബിംഗ് സാധനങ്ങളും മെഡിക്കൽ ഓഫീസറുടെ സാന്നദ്ധ്യത്തിൽ സൈറ്റിൽ സൂക്ഷിക്കേണ്ടതും അതിന്റെ രസീത് ഹാജരാക്കുവാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത്തരത്തിലുള്ള രസീത് ഫയലിൽ ലഭ്യമല്ല. സാധനങ്ങൾ പിന്നീട് ലേലം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും, വസ്തുക്കളുടെ നിലവിലെ അവസ്ഥ വിശദമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം- 7/21.02.2017-ന് യാതൊരു മറുപടിയും നൽകിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എ.വൈ പദ്ധതി നടത്തിപ്പ് - അപാകത

2014-15, 2015-16 വർഷങ്ങളിൽ വിവിധ വർഷങ്ങളിൽ ആരംഭിച്ച ഐ.എ.വൈ ഭവനപദ്ധതികളുടെ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദമായ പരിശോധന നടത്തിയപ്പോൾ പദ്ധതികൾ പ്രകാരം

പിൻവലിക്കുന്ന മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. ഈ തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ തന്നെ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./ തിയ്യതി | തുക | പ്രൊജക്റ്റ് നം., പേര് | ട്രഷറിയിൽ ബില്ലിനോടൊപ്പം സമർപ്പിച്ച പത്രിക പ്രകാരം ആകെ ഗുണഭോക്താക്കളുടെ എണ്ണം | ഘട്ടം പൂർത്തീകരിച്ച സാക്ഷ്യ പത്രം സമർപ്പിച്ച് തുക കൈ പ്പറ്റിയ ആകെ ഗുണഭോക്താക്കളുടെ എണ്ണം | ഘട്ടം പൂർത്തീക രിക്കാത്തതിനാൽ തുക കൈമാറാൻ പറ്റാത്ത ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| വൗച്ചർ നം. 21500667/31.12.15 | 35,20,000/- | IAY(Gen) പുതിയ വീട് | 110 | 102 | 8 |
| വൗച്ചർ നം. 21500668/31.1.15, 21500990/30.3.16 | 13,76,000/- | IAY(SC) പുതിയ വീട് | 43 | 40 | 3 |
| വൗച്ചർ നം. 21500955/18.3.16 | 2,46,250/- | IAY(ST) Spill over 2014-15 | 5 | 3 | 2 |
| വൗച്ചർ നം. 21500927/15.3.16 | 15,53,161/- | IAY(SC) പുതിയ വീട് | 32 | 26 | 6 |

ട്രഷറിയിൽ നിന്നും പിൻവലിച്ച തുക മുഴുവനും ഗുണഭോക്താക്കൾക്ക് കൈമാറാതിരിക്കാനുള്ള കാരണം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അടുത്ത ഗഡുക്കൾ നൽകാനായി തുക അലോട്ട്മെന്റ് പ്രകാരം പിൻവലിക്കുന്നതിന് മുമ്പ് അവരുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ഘട്ടങ്ങൾ പൂർത്തീകരിച്ചുവോ എന്ന് പരിശോധന നടത്തുന്നില്ല എന്നതാണ്. അതാത് ഘട്ടം പൂർത്തീകരിച്ചതിന്റെ പരിശോധനാ സാക്ഷ്യപത്രം സമർപ്പിച്ചവർക്ക് മാത്രമേ അടുത്ത ഗഡു നൽകുവാൻ പാടുള്ളൂ, ഇവിടെ തുക പിൻവലിച്ചതിനു ശേഷമാണ് ഘട്ടം പൂർത്തീകരിച്ചതിന്റെ പരിശോധനാ സാക്ഷ്യപത്രം ആവശ്യപ്പെടുന്നത്. അപ്പോൾ ചില ഗുണഭോക്താക്കൾ ബന്ധപ്പെട്ട ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടാവില്ല, അവർക്ക് നൽകാനായി പിൻവലിച്ച തുക ചെലവഴിക്കാതെ ബാക്കിയാവുന്നു. ഇങ്ങനെ ബാക്കിയാവുന്ന തുക ചില സമയത്ത് മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. ഇത് ഗുരുതരമായ അപാകതയാണ്, കാരണം അലോട്ട്മെന്റ് പ്രകാരം ട്രഷറിയിൽ ബില്ല് സമർപ്പിക്കുമ്പോൾ ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ, നൽകേണ്ട തുക എന്നിവ അടക്കമാണ് ബില്ല് സമർപ്പിക്കുന്നത്. അങ്ങനെ മാറുന്ന തുകകൾ വേറൊരു ഗുണഭോക്താവിന് നൽകാൻ പാടില്ല. ബന്ധപ്പെട്ട ഘട്ടം പൂർത്തീകരിച്ചതിന്റെ പരിശോധനാ സാക്ഷ്യപത്രം ഹാജരാക്കുകയും, അത് പരിശോധന നടത്തി ഉറപ്പ് വരുത്തുകയും ചെയ്തതിന് ശേഷം മാത്രമെ ഗുണഭോക്താൾക്ക് നൽകാൻ തുക പിൻവലിക്കാൻ പാടുള്ളൂ. ബ്ലോക്കിലെ ഹൗസിംഗ് ഓഫീസർ, അതാത് ഗ്രാമ പഞ്ചായത്തിലെ വില്ലേജ്

എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായാണ് ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നത്. തുക നൽകാൻ പദ്ധതി പ്രകാരം പണം പിൻവലിക്കുമ്പോൾ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി- പൂർത്തീകരിക്കാത്ത വീടുകൾ

ഓഡിറ്റ് വർഷമായ 2014-15, 2015-16 വർഷങ്ങളിൽ ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ചില ഗുണഭോക്താക്കൾ കാരാർ ഒപ്പിട്ട് ഒന്നോ രണ്ടോ ഗഡുക്കൾ കൈപ്പറ്റിയതിന് ശേഷം വീട് നിർമ്മാണം നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. ചിലർ വീട് നിർമ്മാണം തുടങ്ങിയിട്ടേയില്ല എന്നാണ് മനസ്സിലാക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

2014-15

| ക്രമ-നം. | ഗുണഭോക്താവിന്റെ പേര് | പദ്ധതി-നം. | കൈപ്പറ്റിയതുക | ചെക്ക്നമ്പർ |
|---|---|---|---|---|
| 1 | റസിയ.എ,<br>w/oമുഹമ്മദ് ജലീൽ<br>വടക്കേ കൊവ്വൽ, തൃക്കരിപ്പൂർ | No.01/15,<br>IAY(Gen) | ആദ്യ ഗഡു<br>17500/- | 018865/<br>5.02.15 |
| 2 | റഹ്മത്ത്.പി<br>d/o ആയിഷ.പി<br>പറമ്പത്ത് ഹൗസ്,<br>കൈതക്കാട്, ചെറുവത്തൂർ | No.01/15,<br>IAY(Gen) | ആദ്യ ഗഡു<br>17500/- | 018856/<br>22.12.14 |
| 3 | താഹിറ.ടി<br>w/oഇത് രീസ്.കെ.എം<br>അൽ-നൂർ ക്വാർട്ടേഴ്സ്<br>കുഴിഞ്ഞൂടി,ചെറുവത്തൂർ | No.01/15,<br>IAY(Gen) | ആദ്യ ഗഡു<br>17500/- | 018865/<br>5.02.15 |
| 4 | ഗണേശൻ.ടി<br>s/o കണ്ണൻ എള്ളത്ത്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018804/<br>6.11.14 |
| 5 | സരോജിനി.വി<br>w/oബാബു(L)<br>വെമ്പിരിഞ്ഞൻ ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018804/<br>6.11.14 |
| 6 | രജനി.ഇ | No.06/15, | ആദ്യ ഗഡു | 018804/ |

| | | | | |
|---|---|---|---|---|
| | w/oപ്രദീപ്കുമാർ<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | IAY(SC) | 17500/- | 6.11.14 |
| 7 | ലജീന.പി<br>w/oഷാജി.എ<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018804/<br>6.11.14 |
| 8 | ശാന്ത.പി<br>d/o ഗോപാലൻ(L)<br>പൊയിരൻ ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018804/<br>6.11.14 |
| 9 | ശോഭ.പി<br>w/oസുമിത്രൻ.എം<br>മാപ്പിടിച്ചേരി ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018804/<br>6.11.14 |
| 10 | യശോദ.സി<br>കൃഷ്ണൻ(L)<br>ചെമ്മിടൻ ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018804/<br>6.11.14 |
| 11 | രേഷ്മ.വി<br>w/oസതീശൻ<br>കണ്ണോത്ത് ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/-<br>രണ്ടാം ഗഡു<br>32000/- | 018804/<br>6.11.14,<br>946812/<br>21.4.15 |
| 12 | പൈതലച്ചി മല്ലിക<br>d/oഗോപാലൻ.വി<br>ഉളിയംമാവിലങ്ങാട്കോളനി,<br>കോയാങ്കര,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018834/<br>18.12.14 |
| 13 | എള്ളത്ത് പാറു<br>w/oതച്ചൻ കുഞ്ഞിരാമൻ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018850/<br>11.12.14, |

| | | | | |
|---|---|---|---|---|
| | പൊയ്യറമ്പ്,തൃക്കരിപ്പൂർ | | രണ്ടാം ഗഡു<br>32000/- | 946812/<br>21.4.15 |
| 14 | പ്രഭാവതി.പി<br>w/o പ്രകാശൻ.കെ<br>പൊയിരൻ ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018856/<br>21.12.14 |
| 15 | ശ്രീജ.എം<br>w/o രാജൻ.എം<br>മാപ്പിടിച്ചേരി ഹൗസ്<br>ആയിറ്റി കോളനി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018859/<br>8.1.15 |
| 16 | ശാലിനി.ഇ<br>w/o ശശീന്ദ്രൻ<br>എള്ളത്ത് ഹൗസ്<br>ഇളമ്പച്ചി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/-<br>രണ്ടാം ഗഡു<br>32000/- | 018873/<br>12.3.15,<br>946812/<br>21.4.15 |
| 17 | ബാലാമണി.സി<br>w/o പ്രഭാകരൻ.എം<br>ചെമ്മിടൻ ഹൗസ്<br>മാച്ചിക്കാട്.പടന്ന | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | 018870/<br>2.3.15 |

2015-16

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | പദ്ധതിനം. | കൈപ്പറ്റിയതുക | ചെക്ക്നമ്പർ |
|---|---|---|---|---|
| 1 | മുബീന.കെ<br>d/o നസീർ.കെ<br>അൽ-നൂർ ക്വാർട്ടേഴ്സ്<br>കുഴിഞ്ഞൂടി, ചെറുവത്തൂർ | No.01/15,<br>IAY(Gen) | ആദ്യ ഗഡു<br>17500/- | FTO |
| 2 | ബീഫാത്തിമ.ടി.പി<br>w/oമുഹമ്മദ് ഹനീഫ<br>തെക്കേപുരയിൽ,തൃക്കരിപ്പൂർ | No.01/15,<br>IAY(Gen) | ആദ്യ ഗഡു<br>17500/-<br>രണ്ടാം ഗഡു | FTO |

| | | | | |
|---|---|---|---|---|
| | | | 42000/- | |
| 3 | സാജിദ.കെ.എൻ.പി<br>w/oസുബൈർ.കെ<br>കാവിലാട്ട് നടുവിലെപുര,<br>ആയിറ്റി, തൃക്കരിപ്പൂർ | No.01/15,<br>IAY(Gen) | ആദ്യ ഗഡു<br>17500/- | FTO |
| 4 | എം.ടി.പി.റുഖിയ<br>w/oറസാക്ക് (L)<br>ചൊവ്വേരി ഹൗസ്<br>കോയങ്കര,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | FTO |
| 5 | മിസിരിയ.ടി.സി<br>d/o അഷറഫ്.പി.ടി<br>തായൽ ഹൗസ്,ഒരിയര<br>മാവിലാകടപ്പുറം,വലിയപറമ്പ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | FTO |
| 6 | റീന.സി<br>w/oസുന്ദരൻ.എസ്(L)<br>ചെമ്മിടൻ ഹൗസ്<br>കോട്ടുമൂല,തിമിരി,കയ്യൂർചീമേനി | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/-<br>രണ്ടാം ഗഡു<br>42000/- | FTO |
| 7 | സിന്ധു.ടി<br>w/oരാമചന്ദ്രൻ.എം<br>തളിയിൽ ഹൗസ്<br>മാനളം,പെട്ടിക്കുണ്ട്,കയ്യൂർചാമേനി | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | FTO |
| 8 | ഷീബ.ഇ<br>w/o പ്രദീപ്കുമാർ<br>എള്ളത്ത് ഹൗസ്<br>മൊട്ടമ്മൽ, ഇളമ്പച്ചി,തൃക്കരിപ്പൂർ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | FTO |
| 9 | സൗമ്യ.ടി<br>w/o ഗിരീഷ്.കെ | No.06/15,<br>IAY(SC) | ആദ്യ ഗഡു<br>17500/- | FTO |

| | | | | |
|---|---|---|---|---|
| | കൊടക്കൽ ഹൗസ്<br>വയലോടി,തൃക്കരിപ്പൂർ | | | |
| 10 | സരിത.ഇ.പി<br>w/o സജീവൻ.പി<br>പറയമ്മാനം ഹൗസ്<br>ഇളമ്പച്ചി,തൃക്കരിപ്പൂർ | No.06/15, IAY(SC) | ആദ്യ ഗഡു<br>17500/- | FTO |

മേലെ വിവരിച്ച പ്രകാരം 2014-15 ൽ 17ഗുണഭോക്താക്കളും, 2015-16ൽ 10 ഗുണഭോക്താക്കളും കരാർ ഒപ്പിട്ട് ആദ്യഗഡു കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം തുടങ്ങുകയോ, തുടങ്ങിയ നിർമ്മാണം മുന്നോട്ട് കൊണ്ടുപോവുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്നും തുക തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം.04/20.02.2017 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ 27 ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ജനകീയ പങ്കാളിത്തത്തോടെ ഐ.എ.വൈ സ്പിൽ-ഓവർ വീടുകളുടെ പൂർത്തീകരണത്തിനുള്ള കർമ്മ പരിപാടി

2007-08 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയ കുടുംബങ്ങളിൽ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വ്യത്യസ്ത കാരണങ്ങളാൽ പൂർത്തീകരിക്കാത്തവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനതലത്തിൽ കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ കാലയളവിൽ നീലേശ്വരം ബ്ലോക്കിന് കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലായി ആകെ 313 വീടുകളാണ് പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. ഗ്രാമവികസന കമ്മീഷണറുടെ 31.12.2016 ലെ സർക്കുലർ നം. 7644/എച്ച്&ടി1/2016/സി. ആർ.ഡി പ്രകാരം ജനകീയ പങ്കാളിത്തത്തോടെ ഐ.എ.വൈ സ്പിൽ-ഓവർ വീടുകളുടെ പൂർത്തീകരണത്തിനുള്ള കർമ്മ പരിപാടി എല്ലാ ബ്ലോക്കുകളിലും ഉടൻ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലർ അനുസരിച്ചുള്ള നടപടിക്രമങ്ങളും, മാനദണ്ഡങ്ങളും, നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് നീലേശ്വരം ബ്ലോക്ക് പഞ്ചായത്തും ഉടൻ തന്നെ കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതും പരമാവധി വീടുകൾ പൂർത്തീകരിക്കാൻ ശ്രമം നടത്തേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 അസി.എഞ്ചിനീയർ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങൽ-അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ഇനം വാങ്ങിയിരിക്കുന്നു.

| നിർവ്വഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
|---|---|
| പ്രോജക്റ്റ്നം | 76/16 |
| അടങ്കൽ | ₹141480/- |
| ബിൽനം | 25/15-16/31.03.16 -₹120000/-<br>26/15-16/31.03.16 -₹20700/- |

ഒരു യു.പി.എസും അസി.എഞ്ചിനീയർ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായിആകെ 2ലാപ് ടോപ്പുകളും വാങ്ങുന്നതിനായി അംഗീകാരം ലഭിച്ച പദ്ധതിയാണിത്.കെൽട്രോണിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വാങ്ങൽ നടത്തിയപ്പോൾ മേൽപ്പറഞ്ഞ ഇനങ്ങൾ കൂടാതെ വാറ്റുൾപ്പെടെ ₹12320/- മുടക്കി അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ഇനമായ Multifunction Laser Printer HP 1136 വാങ്ങിയതായി കാണുന്നു.അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയാണ് വാങ്ങൽ നടത്തിയിരിക്കുന്നത് എങ്കിലും അംഗീകാരം ലഭിച്ച

പദ്ധതിയിൽ ഉൾപ്പടാത്ത ഇനം വാങ്ങിയത് ക്രമവിരുദ്ധമാണ്. പദ്ധതി തയ്യാറാക്കുന്നതിന് മുൻപ് അവശ്യമായ പഠനം നടത്താതിരുന്നതിനാൽ വാങ്ങാനുദ്ദേശിക്കുന്ന ലാപ് ടോപ്പ്, യു.പി.എസ് എന്നിവയുടെ സ്പെസിഫിക്കേഷനും അവയുടെ വിലയും കൃത്യമായി നിർണ്ണയിക്കാത്തതിനാലാണ് പദ്ധതിയിൽ വാങ്ങാനുദ്ദേശിച്ചിരുന്ന സാധനങ്ങൾക്ക് ആവശ്യമായതിൽ കൂടുതൽ തുക വകയിരുത്തിയത്. അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൽപ്പെടാത്ത ഇനത്തിനായുള്ള ₹12320/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദ്ധതി നടത്തിപ്പ് -പൊതു അവലോകനം.

2014-15,2015-16 വർഷങ്ങളിലെ അസി.എക്സി.എഞ്ചിനീയറുടെ പദ്ധതി നടത്തിപ്പിലെ പൊതുവിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | 2014-5 | 2015-16 |
|---|---|---|
| അംഗീകാരം ലഭിച്ച പദ്ധതികൾ | 38 | 34 |
| നടപ്പാക്കിയപദ്ധതികൾ | 34 | 25 |
| അടങ്കൽ | ₹1,84,95,857/- | ₹1,59,60,597/- |
| ആകെ ചെലവ് | ₹1,53,52,972/- | ₹1,09,22,804/- |

2014-15 വർഷം നടപ്പാക്കിയ 34 പദ്ധതികളിൽ 25 എണ്ണവും റോഡ് നിർമ്മാണ പ്രവൃത്തികളാണ്. കൂടാതെ 2015-16 വർഷം നടപ്പാക്കിയ 25 പദ്ധതികളിൽ 17 എണ്ണം റോഡ് നിർമ്മാണത്തിനുള്ളതും 6 എണ്ണം അംഗൻവാടികളുടെ നിർമ്മാണത്തിനുമാണ് ചെലവഴിച്ചിരിക്കുന്നത്. ഇവ രണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുന്നവ അല്ല. എന്നാൽ രണ്ട് പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.കൂടാതെ അംഗൻവാടികളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രത്യേക ഉത്തരവുമുണ്ട്. എൽ.എസ്.ജി.ഡി.ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ പല റോഡുകളും ഇത്തരത്തിലുള്ളവയല്ല എന്നും ഏതെങ്കിലും പഞ്ചായത്തിനുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയും 6 മീറ്ററിൽ കുറവ് വീതിയുള്ളവയാണ് ഇവയിൽ പലതും എന്നും ബോധ്യപ്പെട്ടു. മാത്രമല്ല ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തിയതായി അവകാശപ്പെടുന്ന റോഡുകൾ, അംഗൻവാടികൾ എന്നിവയൊന്നും ഇവരാണ് നിർമ്മാണം നടത്തിയത് എന്ന തെളിയിക്കുന്നതിനാവശ്യമായ ബോർഡുകളോ ഫലകങ്ങളോ സ്ഥാപിച്ചിട്ടുള്ളതായും കാണാൻ സാധിച്ചില്ല.

## 3-6 സി.എച്ച്.സി.ക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം / പേര് | S0035/15, സഞ്ചരിക്കുന്ന ആതുരാലയം, ശമ്പളം, മരുന്ന്, മെയിന്റെനൻസ് |
| അടങ്കൽ | 8,00,000/- |
| ചെലവ് വിവരം | ബില്ല് നം-1/തീയ്യതി.21.8.2014- തുക 2,17,116/- |
| | ബില്ല് നം-10/തീയ്യതി.25.2.2015 - തുക 1,68,369/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

സഞ്ചരിക്കുന്ന ആതുരാലയം എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി മരുന്നു വാങ്ങുന്നതിനു വേണ്ടി 2,17,116രൂപ മുൻകൂറായി 15.12.2015 ൽ കാരുണ്യ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നൽകിയിട്ടില്ല. താഴെ വിവരിക്കും പ്രകാരം വിവിധ

ഇൻവോയ്സുകളിലായി 1,86,956 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 30,160 രൂപയുടെ മരുന്ന് ലഭിച്ചതായി കാണുന്നില്ല.ഈ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി- 8/21.02.2017) മറുപടിയായി 16,646 രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ കൂടി ഹാജരാക്കുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 1430/20.10.2014 | 45,291 |
| 1509/7.11.2014 | 29,482 |
| 1376/9.10.2014 | 1,12,183 |
| ഓഡിറ്റ് അന്വേഷണത്തിനെ തുടർന്ന് ഹാജരാക്കിയ മരുന്നിന്റെ വിവരം | |
| 1791/6.1.2015 | 8,405 |
| 1791/6.1.2015 | 7,027 |
| 1141/21.2.2015 | 1,214 |
| ആകെ ലഭിച്ച മരുന്നിന്റെ മൂല്യം | 2,03,602 |
| ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം | 13,514 |

കൂടാതെ ഇതേ പ്രൊജക്ടിനു വേണ്ടി മരുന്ന് ലഭ്യമാക്കുന്നതിനായി 1,68,369/- രൂപ മുൻകൂറായി കാരുണ്യ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഈ തുക 27.2.2015(DD No 696340) ൽ കെ.എം.എസ്.സി.എൽ കൈപ്പറ്റിയിട്ടുണ്ട്.മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി- 8/21.02.2017) മറുപടിയായി 1,53,092 രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ കൂടി ഹാജരാക്കുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 27/21.4.2015 | 58,759 |
| 742/9.7.2015 | 18,999 |
| 1149/10.8.2015 | 54,019 |
| 1648/8.10.2015 | 13,989 |
| 2218/18.12.2015 | 7,326 |
| ആകെ ലഭിച്ച മരുന്നിന്റെ മൂല്യം | 1,53,092 |
| ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം | 15,277 |

മരുന്നുകൾ നാളിതുവരെ പൂർണ്ണമായും ലഭ്യമായിട്ടില്ല. കൂടാതെ ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ ഇത്തരത്തിൽ ലഭിക്കുന്ന മരുന്നുകൾ പര്യാപ്തമല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺഅവയബിലിറ്റി സർഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മരുന്നുകൾ വാങ്ങി നൽകാവുന്നതാണ് (സ.ഉ.(എം.എസ്) 362/13/ ത.സ്വ.ഭ.വ /16.11.2013ലെ,ഖണ്ഡിക7.4).ഇത്തരത്തിൽ നോൺ അവയബിലിറ്റി സർഫിക്കറ്റ് വാങ്ങാതെയാണ് മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക നല്കിയത്. ആരോഗ്യ വകുപ്പ് നൽകുന്ന മരുന്നുകളുടെ അളവ് പര്യാപ്തമല്ലാത്തതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് മരുന്ന വാങ്ങി നൽകുന്നതിനായി തുക മുൻകൂർ നൽകിയിട്ടുള്ളത്. എന്നാൽ കോർപ്പറേഷൻ പല തവണയായിട്ടാണ് മരുന്ന് നൽകുന്നത്. ഇത് സി.എച്ച്.സി. യുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2017 ഫെബ്രുവരി മാസം അവസാനിക്കാറായിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഈ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി- 8/21.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 28791(13,514+15,277)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ബ്ലോക്ക് പഞ്ചായത്ത് വാഹനം-റിപ്പയറിംഗ് പ്രവർത്തി നടത്തിയത് -അനുമതി രേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.21401574/25.3.2015- 20,933/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വാഹനമായ കെ.എൽ.60 -ഇ-6602 ബൊളേരൊ ജീപ്പിന്റെ റിപ്പയർ നടത്തിയതിന് ആകെ 20,933/- രൂപ ചെലവഴിച്ചിട്ടുണ്ട്.സർക്കാർ ഉത്തരവ് നം.170/07/തസ്വഭവ/30.6.2007 പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റ പണികളുടെ മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ, ബന്ധപ്പെട്ട എഞ്ചിനീയറോ കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി, ക്വട്ടേഷൻ ക്ഷണിച്ച്, ഭരണസമിതി അംഗീകാരം വാങ്ങിയാണ് റിപ്പയർ പ്രവർത്തി നടത്തേണ്ടത്. ഈ റിപ്പയർ പ്രവർത്തി നടത്തിയതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത്, ഭരണസമിതി അനുമതി നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 09/22.02.2017 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 23.02.2017 ന് മറുപടി നൽകിയത് ഇപ്രകാരമാണ്, വാഹനത്തിന്റെ പാർട്സുകൾക്ക് വാറണ്ടി ലഭിക്കണമെങ്കിൽ വാഹനം വാങ്ങിയ കമ്പനിയിൽ നിന്നു തന്നെ സർവ്വീസ് നടത്തണം, പെട്ടെന്നുള്ള ഇത്തരം റിപ്പയറുകൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കി അംഗീകാരം വാങ്ങി പ്രവർത്തി നടത്താൻ സാവകാശം ലഭ്യമല്ല. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം സർക്കാർ വാഹനങ്ങൾ പരിപാലിക്കുന്നതിന് കൃത്യമായ ഉത്തരവുകൾ നിലവിലുണ്ട്, ഇതിന് വിരുദ്ധമായി സ്വകാര്യ വാഹന കമ്പനികളുടെ സമ്മർദ്ദ തന്ത്രങ്ങൾ അനുസരിച്ചാണ് പ്രവർത്തി നടത്തുന്നതെങ്കിൽ സർക്കാർ ഉത്തരവുകളുടെ ലംഘനമായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. അതിനാൽ ചെലവ് തുക 20,933/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ദിവസവേതനം ടൈപ്പിസ്റ്റ് നിയമനം -നിയമനരേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.21400726/4.9.2014- 9100/-രൂപ

ബ്ലോക്ക് പഞ്ചായത്തിൽ 2014-15 വർഷത്തിൽ ദിവസവേതനത്തിന് ടൈപ്പിസ്റ്റായി ശ്രീമതി.കെ.എം.ശരണ്യ എന്നവർ ജോലി ചെയ്യുകയും അവർക്ക് വേതനം നൽകാനായി 9100/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ദിവസവേതനത്തിന് ടൈപ്പിസ്റ്റിനെ നിയമിക്കാനുള്ള അടിയന്തിര സാഹചര്യം, നിയമിച്ചത് നേരിട്ടോ, ഇന്റർവ്യൂ മുഖേനയോ, യോഗ്യതാമാനദണ്ഡം, ഇതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 09/22.02.2017 പ്രകാരം ഇവ സംബന്ധമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 22.02.2017 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടി ഇപ്രകാരമാണ് , നിലവിലുള്ള ടൈപ്പിസ്റ്റ് മെഡിക്കൽ അവധിയിൽ ആയതിനാൽ ഭരണസമിതി തീരുമാനം നം.46/9.6.2014 പ്രകാരം പുതിയ ടൈപ്പിസ്റ്റിനെ താല്ക്കാലികമായി നിയമിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി, അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നീലേശ്വരത്തെ സ്വകാര്യ ടൈപ്പിംഗ് സ്ഥാപനവുമായി ബന്ധപ്പെട്ട് ശ്രീമതി.കെ.എം.ശരണ്യ എന്നവരെ നിയമിച്ചു. ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കിയതിൽ പറയുന്നത് ഇപ്രകാരമാണ്, നിയമനാധികാരിയായ അസി.ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) കാസറഗോഡിന്റെ അംഗീകാരത്തിന് വിധേയമായി ഒരു ടൈപ്പിസ്റ്റിനെ താല്ക്കാലികമായി നിയമിക്കുന്നതിനും, നിയമനവിവരങ്ങൾ അംഗീകാരത്തിനായി അസി.ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) കാസറഗോഡിനെ അറിയിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു എന്നാണ്. ഇവിടെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും ഒരാളെ നേരിട്ട് സെക്രട്ടറി നിയമിച്ചത് ശരിയായ നടപടിയല്ല,

അവരുടെ യോഗ്യത സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, കൂടാതെ അസി.ഡവലപ്‌മെന്റ് കമ്മീഷണർ(ജനറൽ) കാസറഗോഡിന്റെ അംഗീകാരം ഈ നിയമനത്തിന് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 9100/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 HADAപദ്ധതി-50000 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് : ഹാഡ പദ്ധതി

ചെക്ക് നമ്പർ, തുക : 2708225/30-7-14 , 50000 രൂപ

HADAപദ്ധതി പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 30000 മുരിങ്ങ, 30000 കറിവേപ്പില, 30000 പപ്പായ എന്നിവയുടെ തൈകൾ തയ്യാറാക്കുന്നതിനായി വിത്തുകൾ വാങ്ങി വിവിധ സ്വയംസഹായ ഗ്രൂപ്പുകൾക്ക് നൽകുന്നതിനായി 50000/- രൂപ മുൻകൂറായി ചെക്ക് നമ്പർ 2708225/30-7-14 പ്രകാരം കൃഷി അസിസ്റ്റന്റ് ഡയരക്ടർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ (വിത്തുകൾ വാങ്ങിച്ചതിന്റെ ബില്ല്, വിവിധ സ്വയംസഹായ ഗ്രൂപ്പുകൾക്ക് വിത്തുകൾ വിതരണം ചെയ്തതിന്റ രേഖകൾ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ഇതുസംബന്ധിച്ച് 23-2-17 ന് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഈസാഹചര്യത്തിൽ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു..

## 3-10 തുക ലഭ്യമായിട്ടും ആനുകൂല്യം വിതരണം ചെയ്യാൻ വൻ കാലതാമസം

പ്രോജക്ട്: തരിശുനിലം നെൽകൃഷി വികസനം പദ്ധതി

പ്രോജക്ട് നമ്പർ : 23/2015

അടങ്കൽ : 590000 രൂപ (300000 വികസനഫണ്ട് + 290000 മറ്റുള്ളവ )

ബിൽ നമ്പർ, തുക : 1/14-15/ 12-2-15 , 300000 രൂപ

POC 9332145/12-2-15

നിർവ്വഹണം : അസിസ്റ്റന്റ് ഡയറക്ടർ(കൃഷി )

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 13 പാടശേഖരസമിതികൾക്ക് തരിശുനില നെൽകൃഷി വികസന പദ്ധതിയിൽ തുക നൽകുന്നതിന് വേണ്ടി12-2-15 ന് ബിൽ പ്രകാരം 300000 രൂപ പിൻവലിച്ചെങ്കിലും 9-7-2015 ന് മാത്രമാണ് തുക വിതരണം ചെയ്തിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ-നം | പാടശേഖര സമിതിയുടെ പേര് | ഡി.ഡി.നമ്പർ/തീയ്യതി | തുക |
|---|---|---|---|
| 1 | കാരി മായിച്ച പാടശേഖര സമിതി | 630466/9-7-15 | 20000 |
| 2 | കടാങ്കോട് കോയാമ്പുറം പാടശേകര സമിതി | 630467/9-7-15 | 20000 |
| 3 | പുത്തിലോട്ട് പാടശേഖര സമിതി | 630470/9-7-15 | 30000 |
| 4 | പിലിക്കോട് കണ്ണങ്കൈ പാടശേഖര സമിതി | 630472/9-7-15 | 30000 |
| 5 | പിലിക്കോട് വയൽ പാടശേഖര സമിതി | 630473/9-7-15 | 20000 |
| 6 | കുനത്തൂർ പാടശേഖര സമിതി | 630474/9-7-15 | 20000 |
| 7 | കോതോളി-മടിവയൽ ഏലനെല്ലൂർ പാടശേഖര സമിതി | 630468/9-7-15 | 20000 |

| | | | |
|---|---|---|---|
| | | | |
| 8 | ബളാൽ എടച്ചാക്കൈ പാടശേഖര സമിതി | 630476/9-7-15 | 20000 |
| 9 | ഉദിനൂർ-കുളവയൽ എലാ നെല്ലുല്പാദക സമിതി | 630475/9-7-15 | 20000 |
| 10 | മുഴക്കോം-നന്ദാവനം പാടശേഖര സമിതി | 630476/9-7-15 | 20000 |
| 11 | പുലിയന്നൂർ പാടശേഖര സമിതി | 630469/9-7-15 | 20000 |
| 12 | ആയിറ്റി വെല്ളാപ്പ് പാടശേഖര സമിതി | 630477/9-7-15 | 30000 |
| 13 | കോയോങ്കര നെല്ലുല്പാദക സമിതി | 630478/9-7-15 | 30000 |
| ആകെ | | | 300000 |

തുക ലഭ്യമായിട്ടും ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് നൽകാൻ വൈകുന്നത് പദ്ധതിയുടെ ലക്ഷ്യ പ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

## 3-11 ആഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനം തൃപ്തികരമല്ല.

യന്ത്രവൽക്കരണത്തിലൂടെ കാർഷികമേഖലയെ പുനരുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിവകുപ്പ് ബ്ലോക്ക് തലത്തിൽ ആഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനം ആരംഭിച്ചത്. കൃഷിയുടെ ഓരോ ഘട്ടത്തിലും ആവശ്യമായ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുക വഴി തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുക, ഫീൽഡ് തല സേവനങ്ങൾ ലഭ്യമാക്കുക, സഞ്ചരിക്കുന്ന ഫാം ക്ലിനിക്കുകൾ സ്ഥാപിക്കുക, കൃഷിരീതികൾക്ക് ആവശ്യമായ ആധുനിക സാങ്കേതിക സഹായം ലഭ്യമാക്കുക തുടങ്ങിയവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. കൃഷിവകുപ്പ് ഡയരക്ടറുടെ 9-10-2012 ലെ TV(1) 46696/12 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ആഗ്രോ സർവീസ് സെന്റർ രൂപീകരിച്ചത്. സർക്കുലറിലെ നിർദ്ദേശാനുസരണം 26-6-2013 ന് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം KSR/CH 251/ 2013 നമ്പരായി സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓഫീസ് എന്നുമുതലാണ് കൃത്യമായി പ്രവർത്തനം തുടങ്ങിയത് എന്ന് കാണിക്കുന്ന രേഖകൾ ഒന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മാനവ വിഭവശേഷി

സർക്കുലറിലെ ഖണ്ഡിക 4 അനുസരിച്ച് ആഗ്രോ സർവീസ് സെന്ററിന് ഒരു ഓഫീസ് സെക്രട്ടറി/ഫെസിലിറ്റേറ്ററും 10 മുതൽ 15 പേർ അടങ്ങുന്ന ഒരു വർക്കിങ്ങ് ഗ്രൂപ്പും ഉണ്ടായിരിക്കണം.സെക്രട്ടറി/ഫെസിലിറ്റേറ്റർ റിട്ടയേർഡ് കൃഷി ഓഫീസർ ആയിരിക്കേണ്ടതും ഉയർന്ന നേതൃത്വ ഗുണമുള്ളതും ആഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തനം നടത്തിക്കൊണ്ട് പോകാൻ സാധിക്കും വിധത്തിലുള്ള കംപ്യൂട്ടർ പരിജ്ഞാനമുള്ള ആളും ആയിരിക്കണം. മെമ്പരിൽ 5 പേർ ITI/ITC യോഗ്യതയും 5 പേർ VHSE യോഗ്യതയും 5 പേർ SSLC യോഗ്യതയും ഉള്ളവരും ആയിരിക്കണം.ഇവർക്ക് കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പരിശീലനം നൽകിയാണ് ഫീൽഡ് പ്രവർത്തനത്തിന് സജ്ജമാക്കുന്നത്. നിലവിലുള്ള ഫെസിലിറ്റേറ്റർ 17-10-2016 ആണ് നിയമിതനായത്. വർക്കിങ്ങ് ഗ്രൂപ്പിലെ മറ്റ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

മാനേജ്മെന്റ് കമ്മിറ്റി

ആഗ്രോ സർവീസ് സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് സർക്കുലർ നിർദ്ദേശാനുസരണം താഴെ കൊടുത്തത് പ്രകാരം അംഗങ്ങൾ അടങ്ങിയ ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1.
    1.

1. ആഗ്രോ സർവീസ് സെന്ററിന്റെ രജിസ്റ്റർ ചെയ്ത സൊസൈറ്റിയുടെ പ്രസിഡന്റ് & സെക്രട്ടറി
2. ആഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തനവുമായി സംയോജിപ്പിച്ച സഹകരണ ബാങ്കിന്റെ പ്രസിഡണ്ട്/മെമ്പർ/നോമിനേറ്റഡ് മെമ്പർ
3. അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)
4. ബ്ലോക്ക് ഏരിയയിലെ കൃഷി ഓഫീസർമാർ

മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതാണ്. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി മിനുട്സ് പ്രകാരം 2-8-2013 ആണ് ആദ്യമായി യോഗം ചേർന്നതായി കാണുന്നത്. എന്നാൽ ലഭ്യമാക്കിയ മിനുട്സിൽ നിന്നും കമ്മിറ്റി എന്നാണ് രൂപീകരിച്ചത് എന്ന വിവരം ലഭിക്കുന്നില്ല. 2-8-2013 മുതൽ 7-10-2016 വരെയായി 5 തവണമാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.2-8-13,14-7-15, 22-1-16, 9-5-16, 7-10-16 എന്നീ തീയ്യതികളിലാണ് യോഗം ചേർന്നത്. 2014 ൽ യോഗം ചേർന്നിട്ടേയില്ല. മാത്രമല്ല സർക്കുലറിലെ നിർദ്ദേശാനുസരണം പ്രാതിനിധ്യമുള്ള രീതിയിൽ തന്നെയാണോ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത് എന്ന കാര്യവും മിനുട്സിൽ വ്യക്തമല്ല. മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. യഥാസമയം യോഗം ചേർന്ന് ആഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തനത്തെ നയിക്കുന്നതിൽ കമ്മിറ്റി വിജയിച്ചിട്ടില്ല.

ഹൈപവർ കമ്മിറ്റി

ആഗ്രോ സർവീസ് സെന്ററിനെയും അതിൻകീഴിലുള്ള കർമ്മസേനയുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി താഴെ കൊടുത്തത് പ്രകാരം അംഗങ്ങൾ അടങ്ങിയ ഹൈപവർ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് (കമ്മിറ്റി ചെയർമാൻ)

1. 1. 2. അസിസ്റ്റന്റ് ഡയറക്ടർ ,കൃഷി (കമ്മിറ്റി കൺവീനർ)

3. ബ്ലോക്ക് പഞ്ചായത്ത് സ്ഥിതിചെയ്യുന്ന സ്ഥലത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് മെമ്പർ (മെമ്പർ)
4. ബ്ലോക്ക് പഞ്ചായത്ത്പരിധിയിലെ പഞ്ചായത്ത് പ്രസിഡണ്ട്മാർ (മെമ്പർ)
5. ARS തലവൻ മണ്ണുത്തി (മെമ്പർ )
6. ആഗ്രോ സർവീസ് സെന്ററിന്റെ പ്രസിഡണ്ട്. (മെമ്പർ)
7. ആഗ്രോ സർവീസ് സെന്ററിന്റെ സെക്രട്ടറി. (മെമ്പർ)
8. ബ്ലോക്ക് കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർ (മെമ്പർമാർ)
9. പാടശേഖര സമിതികളുടെ /crop clusteres/other crop സമിതികൾ എന്നിവയുടെ കൺവീനർമാർ (മെമ്പർമാർ)
10. ബന്ധപ്പെട്ട ബ്ലോക്ക് പരിധിയിലെ ബാങ്കുകളുടെ പ്രതിനിധികൾ(മെമ്പർ)

ഹൈപവ്വർ കമ്മിറ്റി 6 മാസത്തിൽ ഒരിക്കൽ എങ്കിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിളിച്ച് ചേർക്കേണ്ടതാണ്. ആഗ്രോ സർവ്വീസ് സെന്റർ നല്കുന്ന ഓരോ സേവനങ്ങളുടെയും ചാർജ്, സേവന ദാദാക്കളുടെ വേതനം തുടങ്ങിയവ നിശ്ചയിക്കേണ്ടതും അംഗീകരിക്കേണ്ടതും ഈ കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. ഹൈപവ്വർ കമ്മിറ്റി 10-9-2013 മുതൽ 14-2-17 വരെയായി 6 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. 10-9-13, 18-3-16, 27-3-16, 27-7-16, 6-9-16, 7-10-16, 14-2-17 എന്നീ തീയ്യതികളിലാണ് യോഗങ്ങൾ ചേർന്നിട്ടുള്ളത്. 2014,2015 വർഷങ്ങളിൽ യോഗങ്ങൽ ചേർന്നിട്ടില്ലാത്തതിനാൽ മേൽ വർഷങ്ങളിലെ ഹൈപവ്വർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഒന്നും ആഗ്രോ സർവ്വീസ് സെന്ററിന് ലഭിച്ചിട്ടില്ല. യഥാസമയം യോഗം വിളിച്ച് ചേർക്കുന്നതിൽ അന്നത്തെ കൺവീനർ തികഞ്ഞ പരാജയമാണ്.

യന്ത്രങ്ങളുടെ വാടകയും സേവനങ്ങൾക്കുള്ള പ്രതിഫലവും കൃത്യമായി അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ഭൌതിക പരിശോധന നടത്തിയതിൽ നിന്നും ഏകദേശം ഒന്നരക്കോടി വിലമതിക്കുന്ന ചെറുതും വലുതുമായ 55 ൽ അധികം യന്ത്രോപകരണങ്ങൾ സ്ഥാപനത്തിനുണ്ട്. 2013-14 മുതൽ യന്ത്രോപകരണങ്ങളും സേവനങ്ങളും വാടകക്ക് നൽകി വരുന്നുണ്ടെങ്കിലും അതിൽ നിന്നുള്ള ആകെ വരവും ആകെ ചെലവും എത്രയെന്ന് കാഷ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വരവ് ചെലവ് സംബന്ധിച്ച് വിശദമായ കണക്ക് 17-10-2016 ന് ശേഷം മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. 17-10-2016 മുതൽ 21-2-17 വരെയുള്ള വരവ്-ചെലവ് കണക്ക് ചുവടെ കൊടുക്കുന്നു.

വരവ് -- 442004

ചെലവ് -- 398045

ബാക്കി -- 43959

നാലുമാസം കൊണ്ട് ചെലവ് കഴിച്ച് 43959 രൂപ നീക്കിയിരുപ്പ് ഉണ്ടെങ്കിൽ പ്രവർത്തനം തുടങ്ങിയ കാലം മുതൽ ശരിയായ രീതിയിൽ വരവ്-ചെലവ് കണക്ക് രേഖപ്പെടുത്തപ്പെടുത്തിയിരുന്നുവെങ്കിൽ വലിയൊരുതുക മിച്ചം കാണുമായിരുന്നു. വരവ്-ചെലവ് കണക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ അതാത് കാലത്തെ കൃഷി അസിസ്റ്റന്റ് ഡയരക്ടറും, ഫെസിലിറ്റേറ്ററും ശ്രദ്ധിച്ചിട്ടില്ല. ഇതുവഴി എത്ര ധനനഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിശദമായ അന്വേഷണം നടത്താൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

യന്ത്രങ്ങൾ വാടകക്കും കർമ്മസേനയുടെ സേവനം ആവശ്യപ്പെട്ടും കർഷകർ നൽകിയ അപേക്ഷയും യന്ത്രോപകരണങ്ങളുടെ വാടകനിരക്ക് ഹൈപവ്വർ കമ്മിറ്റി നിശ്ചയിച്ച് തയ്യാറാക്കിയതും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപേക്ഷാ രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാടകയ്ക്ക് നൽകിയ കാലയളവ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പടന്ന ഗ്രാമ പഞ്ചായത്ത് | 2014-15 | 1,00,000 | തെക്കെക്കാട് ബണ്ട് വടക്ക് റോഡ്ടാറിങ്ങ് | 99,415 | 585 |
| പടന്ന ഗ്രാമ പഞ്ചായത്ത് | 2014-15 | 1,00,000 | ചന്തേര-പടിഞ്ഞാറേക്കര റോഡ് ടാറിങ്ങ് | 99,370 | 630 |
| തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് | 2014-15 | 1,50,000 | ബർമ്മ കോളനിറോഡ് | 1,42,958 | 7,042 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 (പ്ലാൻ) | 2(2) | 2007-08 | 3.66.1 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ല. പാഴ് ചെലവ് | നടപടി തുടരുന്നു |
| 1999-2000 | 2(3) | | | | |
| 1997-98 | 2(3) | 2007-08 | 3.66.3 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | നടപടി തുടരുന്നു |
| | 2(6) | | | | |
| 1998-99 | 2(7) | | | | |
| 199-2000 | 2(7) | | | | |
| 2005-06 | 3(1) | 2008-09 | 3.4.2 | കരാറുകാരൻ സ്വന്തം മണ്ണുപയോഗിച്ചുള്ള പ്രവൃത്തികൾ – സാങ്കേതിക നിർദ്ദേശം പാലിച്ചിട്ടില്ല | നടപടി തുടരുന്നു |
| 2006-07 | 3(1) എ<br>3(1) ബി<br>3(1) സി | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,61,98,007 | 6,85,61,614 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,92,54,691 | 6,77,97,614 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,126 | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,21,144 | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2(1) | 9,126 | | 1)ശ്രീ.റെജികുമാർ,സെക്രട്ടറി(4620 രൂപ)<br>2)ശ്രീ.ഹരിലാൽ.എൻ,സെക്രട്ടറി(1722 രൂപ)<br>3)ശ്രീമതി.നൂതനകുമാരി,സെക്രട്ടറി(1827രൂപ)<br>4)ശ്രീബെവിൻജോൺവർഗ്ഗീസ്,സെക്രട്ടറി(120രൂപ)<br>5)ശ്രു.നാരായണൻ.കെ.വി,സെക്രട്ടറി(687 രൂപ)<br>6)ശ്രീ.പി .എം.അമ്പു,സെക്രട്ടറി(90 രൂപ)<br>7)ശ്രീ.എസ്.ഹരികമാർ, സെക്രട്ടറി(60 രൂപ) |
| ആകെ | 9,126 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡികനമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(4) | 12,320 | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3(6) | 28,791 | ശ്രീ.ഡോ.എൻ.ശ്രീകുമാർ, മെഡിക്കൽ ഓഫീസർ |
| 3(7) | 20,933 | ശ്രീ.റെജികുമാർ,സെക്രട്ടറി |
| 3(8) | 9,100 | ശ്രീ.റെജികുമാർ,സെക്രട്ടറി |
| 3(9) | 50,000 | ശ്രീ. സുനിൽകുമാർ എസ്, കൃഷി അസി.ഡയറക്ടർ |
| ആകെ | 1,21,144 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക/നികുതി വിവരം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 2(3) | 2,050രൂപ(ആദായനികുതി)<br>881രൂപ (VAT) | ശ്രീ.വത്സൻ പടിഞ്ഞാറേപുരയിൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 2(1) | ശ്രീ.റെജികുമാർ, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ച | കാലായിൽ ഹൗസ്, തൃക്കൊടിത്താനം പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം. |
| | ശ്രു.ഹരിലാൽ.എൻ,സെക്രട്ടറി | സെക്രട്ടറി, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്. | ലാൽ ഭവൻ, പൈക്കുഴി, ഓച്ചിറ, കൊല്ലം. |
| | ശ്രീമതി.നൂതനകുമാരി, സെക്രട്ടറി | ജോയിന്റ് ബി.ഡി.ഒ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്. | അശ്വിൻ നിവാസ്, Nrധൂമവതി ടെമ്പിൾ, പി.ഒ.ആർ.ഡി.നഗർ, കാസറഗോഡ്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 5/755/04 തീയ്യതി 8-11-05 | 11 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 5/784/04 തീയ്യതി 13-12-05 | 8 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 5/798/04 തീയ്യതി 1`0-05-06 | 11 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 5/822/04 തീയ്യതി 06-06-06 | 8 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 5/821/04 തീയ്യതി 02-06-06 | 5 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 8/622/07 തീയ്യതി 17-10-07 | 15 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 8/623/07 തീയ്യതി 30-05-08 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 8/624/07 തീയ്യതി 30-05-08 | 7 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 8/625/07 തീയ്യതി 30-05-08 | 7 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 8/626/07 തീയ്യതി 30-05-08 | 8 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/5/2012 തീയ്യതി 23-08-2012 | 8 |
| 2008-09 to 2009-10 | എൽ.എഫ്.കെ.എസ്.ഡി 8/735/2013 തീയ്യതി 25-01-2014 | 14 |

| | | |
|---|---|---|
| 2010-11-to 2011-12 | എൽ.എഫ്.കെ.എസ്.ഡി 6/344/2014 തീയ്യതി 08-12-2014 | 15 |
| 2012-13 to 2013-14 | കെ.എസ്.എ-കെ.എസ്.ഡി. 6/811/2015 തീയ്യതി 08-09-2015 | 6 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസർഗോഡ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി 9/252/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

തീയതി.20.032017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിൻറെ 2015-16- വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA -KSD 9/252/2017 Kerala State Audit Department

District Audit Office,Kasaragod,
Dated: 20.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Neeleswaram Block Panchayat in Kasaragod District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kasaragod Block Panchayat for the year 2015-16 except the observations in my Audit Report , properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

District Audit Office, Kasaragod

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി 9/252/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

തീയതി.20.03.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിൻറെ 2014-15- വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA -KSD 9/252/2017 Kerala State Audit Department

District Audit Office,Kasaragod,
Dated: 20.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Neeleswaram Block Panchayat in Kasaragod District for the year ended on 31-03-2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kasaragod Block Panchayat for the year 2014-15 except the observations in my Audit Report , properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

District Audit Office, Kasaragod